## പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം: 1623

05.12.2014 ലെ മറുപടിയ്ക്ക്

### എം.എസ്.ഡി.പിയുടെ നടപ്പാക്കൽ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോസഫ് വാഴയ്ക്കൻ<br>ശ്രീ. വർക്കല കഹാർ<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. ലൂഡി ലൂയിസ് | | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പു മന്ത്രി) | |
| (എ) | എം.എസ്.ഡി.പിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം ; | (എ) | സാമൂഹികം, സാമ്പത്തികം, വിദ്യാഭ്യാസം, ആരോഗ്യം എന്നിവയുടെ അടിസ്ഥാനത്തിൽ ദേശീയ ശരാശരിയേക്കാൾ പിന്നാക്കം നിൽക്കുന്ന ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ, അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുകയും സാമൂഹ്യ സാമ്പത്തിക വിദ്യാഭ്യാസ സാഹചര്യങ്ങൾ മെച്ചപ്പെടുത്തുകയുമാണ് എം.എസ്.ഡി.പി പദ്ധതിയുടെ ലക്ഷ്യം. |
| (ബി) | പ്രസ്തുത പദ്ധതി കാര്യക്ഷമമായി നടപ്പാക്കാൻ കേന്ദ്ര സഹായം അഭ്യർത്ഥിച്ചിട്ടുണ്ടോ ; | (ബി) | ഉണ്ട്.എം.എസ്.ഡി.പി പദ്ധതി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായാണ് നടപ്പാക്കുന്നത്. |
| (സി) | പ്രസ്തുത പദ്ധതി എവിടെയൊക്കെ യാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (സി) | വയനാട് ജില്ലയിൽ മാനന്തവാടി, സുൽത്താൻ ബത്തേരി, പനമരം, കൽപ്പറ്റ എന്നീ ബ്ലോക്ക് പഞ്ചായത്തുകളിലും മലപ്പുറം ജില്ലയിലെ പൊന്നാനി ടൗണിലുമായാണ് എം.എസ്.ഡി.പി പദ്ധതി നടപ്പിലാക്കി വരുന്നത്. എം.എസ്.ഡി.പി പ്രകാരമുള്ള വില്ലേജ് ക്ലസ്റ്ററുകൾ രൂപീകരിച്ച് വിവിധ ജില്ലകളിലേക്ക് ഈ പദ്ധതി വ്യാപിപ്പിക്കാനുദ്ദേശിക്കുന്നു. |
| (ഡി) | എം.എസ്.ഡി.പി നടപ്പാക്കുന്നതിൽ എന്തെല്ലാം പുരോഗതിയാണ് സംസ്ഥാനം കൈവരിച്ചിട്ടുള്ളത് വിശദാംശം ലഭ്യമാക്കുമോ? | (ഡി) | 11-ാം പദ്ധതിയിൽ ഉൾപ്പെടുത്തിയ ബഹുമുഖ വികസന പദ്ധതി (എം.എസ്.ഡി.പി) യുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>1. വയനാട് ജില്ലയിലെ പത്ത് ആരോഗ്യ ഉപകേന്ദ്രങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചു.<br>2. 23 സർക്കാർ സ്ക്കൂളുകളിലായി 38 അധിക ക്ലാസ് മുറികളുടെ നിർമ്മാണം പൂർത്തീകരിച്ചു. |

3. മുള്ളൻകൊല്ലി ഗ്രാമ പഞ്ചായത്തിലെ പാടിച്ചിറ വില്ലേജിലേക്കുള്ള കുടിവെള്ള പദ്ധതി വിപുലീകരണം പൂർത്തീകരിച്ചു.
4. പൂതാടി ഗ്രാമ പഞ്ചായത്തിലെ നടവയൽ വില്ലേജിലേയ്ക്കുള്ള കുടിവെള്ള വിതരണ പദ്ധതി പൂർത്തീകരിച്ചു.
5. പടിഞ്ഞാറേത്തറ, കുപ്പാടി വില്ലേജിലേയ്ക്കുള്ള കുടിവെള്ള വിതരണ പദ്ധതി പൂർത്തീകരിച്ചു.
6. മേപ്പാടി ഗവൺമെന്റ് പോളിടെക്നിക്കിലെ ലാബോറട്ടറി നവീകരണം പൂർത്തീകരിച്ചു.
7. സുൽത്താൻ ബത്തേരി താലൂക്ക് ആശുപത്രിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ച് വരുന്നു.

12-ാം പദ്ധതിയിൽ വയനാട് ജില്ലയിൽ മാനന്തവാടി, സുൽത്താൻ ബത്തേരി, പനമരം, കൽപ്പറ്റ എന്നീ ബ്ലോക്ക് പഞ്ചായത്തുകളിലും മലപ്പുറം ജില്ലയിലെ പൊന്നാനി ടൗണിലും വിദ്യാഭ്യാസം, ആരോഗ്യം, കടിവെള്ള പദ്ധതി, നൈപുണ്യ വികസനം എന്നീ മേഖലകളിലായി വിവിധ വികസന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

സെക്ഷൻ ഓഫീസർ